# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2322 18.02.2016 - ൽ മറുപടിക്ക്

## നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.ചന്ദ്രശേഖരൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കാഞ്ഞങ്ങാട് ഗവ. നേഴ്സിംഗ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ രണ്ട് വർഷമായി സ്റ്റൈപന്റ് നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | ബി) | ഈ സാമ്പത്തിക വർഷം കാഞ്ഞങ്ങാട് ഗവ. നേഴ്സിംഗ് സ്കൂളിന് സ്റ്റൈപന്റിനത്തിൽ 1,50,000/- രൂപ കാസർഗോഡ് ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തിരം അനുവദിക്കുകയുണ്ടായി. |
| സി) | മറ്റ് ജില്ലകളിലെ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് കൃത്യമായി ലഭിക്കുമ്പോൾ കാസർഗോഡ് ജില്ലയിൽ മാത്രം മുടങ്ങുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | സി) | ആരോഗ്യവകുപ്പിന്റെ കീഴിൽ 14 ജില്ലകളിലായി 16 നേഴ്സിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിനായി രണ്ട് ശീർഷകത്തിൽ (2210-05-105-89-NP) (2210-05-105-74-NP) സ്കോളർഷിപ്പ് & സ്റ്റൈപന്റ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക വളരെ കുറവാണ്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ലഭ്യമായ തുക അനുവദിക്കുന്നു. |
| ഡി) | നിലവിൽ സ്റ്റൈപന്റ് എത്രയെന്നും, ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | ഡി) | നിലവിൽ ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 700 രൂപയും ബോണ്ട് പീരിഡിൽ പ്രതിമാസം 2000 രൂപയും നൽകി വരുന്നു. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ